## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 4652 13.11.2019-ൽ മറുപടിയ്ക്ക്**

### എക്സൈസ് എൻഫോഴ്സ്മെന്റ് ശക്തിപ്പെടുത്തുവാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.എസ്.ശബരീനാഥൻ<br>,, വി.ടി.ബൽറാം<br>,, എൽദോസ് പി. കുന്നപ്പിള്ളിൽ<br>,, റോജി എം. ജോൺ | ശ്രീ.ടി.പി.രാമകൃഷ്ണൻ<br>തൊഴിലും എക്സൈസും വകുപ്പുമന്ത്രി |

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് ലഹരി മരുന്ന് കേസുകൾ വർദ്ധിക്കുന്ന സാഹചര്യത്തിൽ എക്സൈസ് ഉദ്യോഗസ്ഥർക്ക് കൂടുതൽ പരിശീലനം നൽകുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (എ) | എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തിയതിന്റെ ഭാഗമായി സംസ്ഥാനത്ത് ലഹരി മരുന്ന് കേസുകൾ രജിസ്റ്റർ ചെയ്യുന്നതിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. എൻഫോഴ്സ്മെന്റ് പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും ശക്തിപ്പെടുത്തുന്നതിനുമായി എക്സൈസ് ഉദ്യോഗസ്ഥർക്ക് പ്രത്യേക പരിശീലനം നൽകി വരുന്നു. അതിന്റെ ഭാഗമായി മയക്കുമരുന്ന് കേസുകൾ കൂടുതൽ കണ്ടെത്തി തുടർ നടപടി സ്വീകരിക്കുന്നതിനായി 5 ദിവസത്തെ പരിശീലനം കേരള സ്റ്റേറ്റ് എക്സൈസ് അക്കാദമി ആന്റ് റിസർച്ച് സെന്ററിൽ തുടർച്ചയായി നൽകി വരുന്നു. പുറമേ എക്സൈസ് ഇൻസ്പെക്ടർ മുതൽ മുകളിൽ റാങ്കിലുള്ള ഉദ്യോഗസ്ഥർക്ക് കേരള പോലീസ് അക്കാദമിയിൽ ഫയറിംഗ് പരിശീലനവും നൽകി വരുന്നുണ്ട്. |
| (ബി) | എക്സൈസ് എൻഫോഴ്സ്മെന്റ് വിഭാഗത്തെ ശക്തിപ്പെടുത്തുന്നതിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (ബി) | ലഹരി വസ്തുക്കളുടെ ഉൽപാദനവും വിപണനവും വിനിയോഗവും അവസാനിപ്പിക്കാൻ ഉതകുന്ന വിധത്തിൽ എക്സൈസ് വകുപ്പിനെ ശാക്തീകരിക്കുന്നതിന്റെയും ആധുനീകരിക്കുന്നതിന്റെയും ഭാഗമായി എക്സൈസ് വകുപ്പിൽ രണ്ട് ജില്ലകളിൽ വയർലസ് സംവിധാനം ഏർപ്പെടുത്തുകയും ആയത് മറ്റ് ജില്ലകളിലേക്ക് വ്യാപിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കുകയും ചെയ്തു |

| | | | |
|---|---|---|---|
| | | | വരുന്നു. മയക്കുമരുന്നുകൾ വേഗം തിരിച്ചറിഞ്ഞ് കേസെടുക്കുന്നതിനായി എക്സൈസ് വകുപ്പ് നർക്കോട്ടിക് ഡ്രഗ്സ് ഡിറ്റക്ഷൻ കിറ്റുകൾ കേരളത്തിലെ 14 ജില്ലകളിലും വിതരണം ചെയ്തിട്ടുണ്ട്. എക്സൈസ് ഇൻസ്പെക്ടർ മുതൽ മുകളിലോട്ട് റാങ്കിലുള്ള ഉദ്യോഗസ്ഥർക്ക് റിവോൾവർ/പിസ്റ്റൾ ലഭ്യമാക്കി ഫയറിംഗ് പരിശീലനം നൽകി വരുന്നു. കൂടാതെ വകുപ്പിലെ മുഴുവൻ ഉദ്യോഗസ്ഥർക്കും അടിസ്ഥാന പരിശീലനം നൽകുകയും തുടർപരിശീലനത്തിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ ജില്ലകളിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന സ്ട്രൈക്കിംഗ് ഫോഴ്സ് ടീമിന് കൂടുതൽ പ്രവർത്തിക്കുന്നതിനായി 14 വാഹനം അനുവദിച്ച് വിതരണം ചെയ്തിട്ടുണ്ട്. |
| (സി) | ഇതിന്റെ ഭാഗമായി പ്രത്യേക സ്ക്വാഡ് രൂപീകരിച്ചിട്ടുണ്ടോ, എങ്കിൽ പ്രസ്തുത സ്ക്വാഡിന്റെ പ്രവർത്തന മേഖല എവിടെയാണെന്ന് വെളിപ്പെടുത്താമോ; | (സി) | എൻഫോഴ്സ്മെന്റ് ശാക്തീകരിക്കുന്നതിന്റെ ഭാഗമായി എക്സൈസ് കമ്മീഷണറുടെ നേരിട്ടുള്ള നിയന്ത്രണത്തിൽ സംസ്ഥാനത്ത് മൂന്ന് മേഖലകളിലായി മൂന്ന് സ്ക്വാഡുകൾ രൂപീകരിച്ച് ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനം നടത്തി വരുന്നു. പുറമേ, സംസ്ഥാനതലത്തിൽ ഒരു സർക്കിൾ ഇൻസ്പെക്ടറുടെ നേതൃത്വത്തിൽ ഒരു സ്പെഷ്യൽ എൻഫോഴ്സ്മെന്റ് സ്ക്വാഡും രൂപീകരിച്ച് പ്രവർത്തിച്ചു വരുന്നു. |
| (ഡി) | എക്സൈസ് ഉദ്യോഗസ്ഥർക്ക് വെടിവയ്പിൽ തുടർപരിശീലനം നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ടോ, എങ്കിൽ പ്രസ്തുത പരിശീലനം നൽകുന്നത് എവിടെവച്ചാണെന്ന് അറിയിക്കാമോ? | (ഡി) | എക്സൈസ് വകുപ്പിൽ സ്മാൾ ആംസിൽ (പിസ്റ്റൾ/റിവോൾവർ) പരിശീലനം ലഭിക്കാത്ത എക്സൈസ് ഇൻസ്പെക്ടർ മുതൽ അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർ വരെയുള്ള ഉദ്യോഗസ്ഥർക്ക് രണ്ട് ദിവസം വീതം അഞ്ച് ബാച്ചുകളിലായി 92 പേർക്ക് കേരള പോലീസ് അക്കാദമിയിൽ വച്ച് പരിശീലനം നൽകിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**